LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. എം. കെ. ജയരാജിനെ ഏകാംഗകമ്മീഷനായി നിയമിക്കുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭിന്നശേഷിയുള്ള കുട്ടികൾക്കായി ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ ക്ഷേമ സ്ഥാപനങ്ങളും ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി HMDC കോഴിക്കോട് എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും നൽകിവരുന്നു. കാഴ്ചവൈകല്യമുള്ളവരുടെ ഉന്നമനത്തിനായി വിദ്യാർത്ഥികൾക്ക് ബ്രെയിലി കിറ്റ്, ടാക്കിംഗ് കാൽക്കുലേറ്റർ, ഡെയ്സി പ്ലെയർ എന്നീ സഹായ ഉപകരണങ്ങളും ലോ വിഷൻ ഉള്ളവർക്ക് മാഗ്നിഫൈയിംഗ് ഗ്ലാസ് എന്നിവ നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

**അനാഥാലയങ്ങളുടെ പ്രവർത്തനം**

341 (1815) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ:

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അന്തേവാസികളുടെ എണ്ണം സഹിതം വിശദമാക്കാമോ;

(സി) അനാഥാലയങ്ങൾക്ക് നൽകുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ:

(ഡി) അനാഥാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 105 |
| 2 | കൊല്ലം | 59 |

| (1) | (2) | (3) |
|---|---|---|
| 3 | പത്തനംതിട്ട | 45 |
| 4 | ആലപ്പുഴ | 43 |
| 5 | കോട്ടയം | 107 |
| 6 | ഇടുക്കി | 71 |
| 7 | എറണാകളം | 176 |
| 8 | തൃശ്ശൂർ | 135 |
| 9 | പാലക്കാട് | 103 |
| 10 | മലപ്പുറം | 112 |
| 11 | കോഴിക്കോട് | 77 |
| 12 | വയനാട് | 48 |
| 13 | കണ്ണൂർ | 85 |
| 14 | കാസർഗോഡ് | 39 |
| | ആകെ | 1205 |

(ബി) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ ലിസ്റ്റും അന്തേവാസികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(സി) ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്, കേരളയുടെ അംഗീകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് ലിസ്റ്റിലുൾപ്പെട്ട അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ഗ്രാന്റ് നൽകിവരുന്നു.

(ഡി) ഉണ്ട്. ഓർഫനേജുകളുടെ അംഗീകാര കാലാവധി 4 വർഷമാണ്. ഓർഫനേജ് കൺട്രോൾ ബോർഡ് നടത്തുന്ന പരിശോധനയിൽ എല്ലാവിധ ഭൗതിക സൗകര്യങ്ങളും തൃപ്തികരമാകുന്ന പക്ഷം സ്ഥാപനത്തിന് അംഗീകാരം പുതുക്കി നൽകുന്ന വകുപ്പിൽ നിന്ന് ഗസറ്റഡ് റാങ്കിൽ കുറയാതെയുള്ള ഉദ്യോഗസ്ഥൻ സ്ഥാപനം സന്ദർശിച്ച് ആനുവൽ ഇൻസ്പെക്ഷൻ നടത്തുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സമഗ്ര പരിശോധനയുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുന്നുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ലീഗൽ സർവ്വീസ് അതോറിറ്റി, ഫുഡ് സേഫ്റ്റി കമ്മീഷണർ, ലോക്കൽ ഫണ്ട് ആഡിറ്റിലെ ഉദ്യോഗസ്ഥർ ഇവരും സ്ഥാപനം പരിശോധിക്കുന്നുണ്ട്. മേൽ പരിശോധനാ റിപ്പോർട്ടുകൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി അവലോകനം നടത്തുകയും ചെയ്യുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly